(സി) സ്റ്റേളകം അനുവദിച്ചുകൊണ്ടുള്ള ലിസ്റ്റ് എന്ന പ്രസിദ്ധപ്പെടുത്തി ;

(ഡി) ഇതിനകം പ്രവർത്തനം ആരംഭിച്ച സ്റ്റേളകം എത്ര ? പ്രവർത്തനം ആരംഭിക്കാതെ എത്ര ? എവിടെയെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 530.

(ബി) ഗവണ്മെന്റ് സ്റ്റോം 116
പ്രൈവറ്റ് സ്റ്റേളകം 414

(സി) 28-4-1964—ലെ ഗസറ്റിലും, 30-6-1964—ലെ ഗസറ്റിലും പ്രസിദ്ധപ്പെടുത്തി.

(ഡി) ഡിപ്പാർട്ടുമെന്റൽ യു. പി. എസ് ഷാലിയക്കാറ എന്ന സ്റ്റോം ഒഴികെ ബാക്കി എല്ലാ സ്റ്റേളകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കരിഞ്ചന്ത തടയൽ

* 42. [63] ശ്രീ. പി. സി. രാഘവൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരിയുടേയും, മറ്റ് അത്യാവശ്യസാധനങ്ങളുടേയും വിൽപനയിലെ കരിഞ്ചന്ത അവസാനിപ്പിക്കാൻ ഗവണ്മെന്റ് എടുക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊ ;

(ബി) അടുത്തകാലത്തു് ആലപ്പുഴ ജില്ലാ കളക്ടർ ഒരു കച്ചവടക്കാരന്റെ മേൽ എടുത്ത നടപടികളെ ഗവണ്മെന്റ് സ്റ്റേ ചെയ്തിട്ടുണ്ടോ ;

(സി) കരിഞ്ചന്ത അവസാനിപ്പിക്കാനുള്ള കർശന നടപടികളെടുക്കാൻ ഉദ്ദേശമുണ്ടോകുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) അരി തുടങ്ങി നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവു തടയുന്നതിനും, കരിഞ്ചന്തഅവസാനിപ്പിക്കുന്നതിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) ന്യായവിലഷാപ്പുകൾ വഴിയുള്ള അരിവിതരണനിരക്ക് കാർഡൊന്നിന് ആഴ്ചയിൽ 4·8 കിലോഗ്രാമായി 5-7-1964 മുതൽ 8 ആഴ്ചക്കാലത്തേക്ക് വർദ്ധിപ്പിച്ചു. 30-8-1964 മുതൽ രണ്ടാഴ്ചത്തേക്ക് 3.6 കിലോഗ്രാം വീതം കാർഡൊന്നിന് നൽകുവാനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(2) ഭക്ഷ്യധാന്യവ്യാപാരികളുടെമേൽ കാര്യമായ നിയന്ത്രണം ചെലുത്തുന്നതിനു് 1964—ൽ ഭക്ഷ്യധാന്യവ്യാപാര ലൈസൻസിംഗ് ഓർഡർ പുറപ്പെടുവിച്ചു.

(3) പൂഴ്ത്തിവെയ്പും, അമിതലാഭമെടുപ്പും തടയുന്നതിനു് ഭക്ഷ്യധാന്യ സ്റ്റോക്ക് കൈവശമുള്ളവർ അവയുടെ വിവരം അധികാരികളെ അറിയിക്കണമെന്നു് ഉത്തരവു് പുറപ്പെടുവിച്ചു.

(4) കേരളത്തിൽ വിവിധയിനം അരിയുടെ പരമാവധി വിൽപന വില നിജപ്പെടുത്തിക്കൊണ്ടു് 1964 ആഗസ്റ്റുമാസത്തിൽ വില നിയന്ത്രണ ഉത്തരവു് പുറപ്പെടുവിച്ചു.

(5) പൊതുവിപണിയിൽ അരിയുടെ സ്റ്റോക്ക് കുറവു് പരിഹരിക്കാൻ കേന്ദ്രഗവണ്മെന്റിൽനിന്നും പ്രത്യേകമായി അരി അലോട്ടുചെയ്തു വാങ്ങിച്ചു് നിശ്ചിതവിലക്ക് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(6) മണ്ണെണ്ണ, സോപ്പ്, പിലയിനം കടലാസുകൾ മുതലായവയുടെ വിലനിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് 1963—ൽ കേന്ദ്രഗവണ്മെൻറ് അവശ്യസാധനവില നിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചു.

(7) പഞ്ചസാര നിശ്ചിതവിലയ്ക്ക് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് പഞ്ചസാര നിയന്ത്രണ ഉത്തരവ് 1963—ൽ കേന്ദ്രഗവണ്മെൻറ് പുറപ്പെടുവിച്ചു.

(8) റോളർ മില്ലുകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഗോതമ്പുൽപ്പന്നങ്ങളുടെ വില നിജപ്പെടുത്തിക്കൊണ്ട് 1964 മാർച്ചിൽ കേന്ദ്രഗവണ്മെൻറ് ഗോതമ്പ് ഉല്പന്നവിലനിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചു.

(9) വ്യാപാരികൾ അമിതമായി ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനെ നിരുത്സാഹപ്പെടുത്തുന്നതിന് ഭക്ഷ്യധാന്യങ്ങൾക്ക് നൽകുന്ന ബാങ്ക് അഡ്വാൻസ് നിരക്ക് 1964 ആഗസ്റ്റിൽ റിസർവ്വ് ബാങ്ക് ഭേദഗതി ചെയ്തു.

(10) ഈ നിയമങ്ങൾ കർശനമായി പാലിക്കുന്നതിന് കൂടുതൽ സ്റ്റാഫിനെ അനുവദിച്ചിട്ടുണ്ട്.

(ബി) ഒരു കച്ചവടക്കാരന്റെ പഞ്ചസാരക്കാർഡ് കളക്ടർ സസ്പെൻറ് ചെയ്തു. അപ്പീൽ ഗവണ്മെൻറിൽതന്നെതന്നെസരിച്ച് തൽക്കാലം കളക്ടറുടെ സസ്പെൻഷൻ ഉത്തരവ് സ്റ്റേ ചെയ്തു.

(സി) കരിഞ്ചന്ത അവസാനിപ്പിക്കുവാനുള്ള ചില നടപടികൾ ഇപ്പോൾതന്നെ എടുത്തുകഴിഞ്ഞിട്ടുണ്ട് കൂടുതൽ നടപടികൾ ആവശ്യാനുസരണം സ്വീകരിക്കുന്നതാണ്.

രഹസ്യരേഖകൾ പ്രസിദ്ധപ്പെടുത്തിയതിന് സർക്കാർ നടപടികൾ

വിധേയരായവർ

*43. [64] ശ്രീ. സി എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഗവണ്മെൻറ് രഹസ്യരേഖകൾ പ്രസിദ്ധപ്പെടുത്തിയതിന്റെ പേരിൽ 1964 ജൂലായ് ആഗസ്റ്റ് മാസങ്ങളിൽ എത്രപേരുടെ മേൽ സർക്കാർ നടപടികൾ സ്വീകരിച്ചു ;

(ബി) ആരെല്ലാം പ്രസ്തുത നടപടികൾക്ക് വിധേയരായി ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 'നവജീവൻ,' 'ജനയുഗം' എന്നീ ദിനപ്പത്രങ്ങളുടെ എഡിറ്റർ പ്രിൻറർ പബ്ലീഷർ കറസ്പോണ്ടൻറ്സ് എന്നിവരുടെ മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സർവ്വശ്രീ കെ. കെ. വാരിയർ, ടി. കെ. ജി. നായർ, ശങ്കരൻ ഇളയതു്, കാമ്പിശ്ശേരി കരുണാകരൻ, ചങ്ങൂർ തെക്കേതിൽ ബാലകൃഷ്ണൻ. സി. ആർ. എൻ. പിഷാരടി എന്നീ ആറുപേരെ ഇതിനകം അറസ്റ്റുചെയ്തു ജാമ്യത്തിൽ വിട്ടിട്ടുണ്ട്.

കണ്ടിജൻസി ജീവനക്കാർ.

*44. [65] ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പരിയാരം സാനിട്ടോറിയത്തിലെ ജീവനക്കാരിൽ എത്രപേർ കണ്ടിജൻസിക്കാരായിട്ടുണ്ട് ;

(ബി) അവർക്ക് കുറേ മാസങ്ങളായി ശമ്പളം കൊടുക്കാതിരിക്കുന്നതിനു കാരണമെന്തു് ?

LIBRARY ARCHIVES Kerala Legislative Assembly